പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1411 | 02.03.2017-ൽ മറുപടിക്ക്

## ട്രോളിങ് നിരോധന കാലയളവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ട്രോളിങ് നിരോധന കാലയളവ് വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | നിലവിലെ തുടർച്ചയായ 45 ദിവസത്തിനു പകരം ജൂൺ 16 മുതൽ ജൂലൈ 15 വരെയും കൂടാതെ ഒക്ടോബർ 16 മുതൽ നവംബർ 15 വരെയും ട്രോളിങ് നിരോധനമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇതുസംബന്ധിച്ച് സി.എം.എഫ്.ആർ.ഐ -യുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ റിപ്പോർട്ട് പ്രകാരം 2013 ൽ ഇക്കാര്യം പഠനവിധേയമാക്കുന്നതിലേയ്ക്കായി ഒരു expert കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റി നൽകിയ റിപ്പോർട്ട് പ്രകാരം 1998 മുതൽ നടപ്പിലാക്കിയ ട്രോളിങ് നിരോധനം ആദ്യ 9 വർഷങ്ങളിൽ മത്സ്യ സമ്പത്തിന്റെ ലഭ്യതയും ഗുണനിലവാരവും വർദ്ധിപ്പിച്ചുവെങ്കിലും 2000 ന് ശേഷം മത്സ്യ ലഭ്യതയിൽ കുറവുണ്ടായതിനാൽ പ്രസ്തുത കമ്മിറ്റി ട്രോളിങ് നിരോധന കാലയളവ് 2 ഘട്ടങ്ങളിലായി 60 ദിവസത്തേക്ക് അതായത് ജൂൺ 16 മുതൽ ജൂലൈ 15 വരെ ആദ്യഘട്ടവും, ഒക്ടോബർ 16 മുതൽ നവംബർ 15 വരെ 2-ാം ഘട്ടവുമായി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ബന്ധപ്പെട്ട പ്രതിനിധികളും, വിദഗ്ധ സമിതികളുമായുള്ള ചർച്ചകൾ നടന്നു വരികയാണ്. |
| (ഡി) | സംസ്ഥാനത്തെ മത്സ്യസമ്പത്ത് കൊള്ളയടിക്കാൻ യന്ത്രവൽകൃത ബോട്ടുകൾക്ക് സഹായകരമായ നീക്കമാണിതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ